പത്തനംതിട്ട	-	3
എയ്ഡഡ്	-	2
പത്തനംതിട്ട	-	1
കോട്ടയം	-	1

(ബി) ഹയർസെക്കണ്ടറി മേഖലയിൽ സംസ്ഥാനത്ത് കട്ടികളുടെ കുറവുമൂലം സ്കൂളുകളിലെ ബാച്ചുകളോ അദ്ധ്യാപക തസ്തികകളോ നഷ്ടപ്പെട്ടിട്ടില്ല.

(സി)

തിരുവനന്തപുരം	-	3
കൊല്ലം	-	7
പത്തനംതിട്ട	-	9
ആലപ്പുഴ	-	6
കോട്ടയം	-	8
ഇടുക്കി	-	3
എറണാകുളം	-	9
തൃശ്ശൂർ	-	5
പാലക്കാട്	-	6
മലപ്പുറം	-	7
കോഴിക്കോട്	-	7
വയനാട്	-	2
കണ്ണൂർ	-	5
കാസർഗോഡ്	-	5
ആകെ	-	82

അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

25(4630) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് കൊല്ലമായി അംഗീകാരത്തിന് അപേക്ഷ നല്കിയിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ ഉള്ള മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നല്കുവാൻ നടപടി ഉണ്ടാകുമോ ;

(സി) അംഗീകാരത്തിനായി നല്കിയിട്ടുള്ള അപേക്ഷകളിൽ കാരണങ്ങൾ ഒന്നും പറയാതെ മടക്കിയിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ ഏതെല്ലാമാണ് അവയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചുവരികയാണെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ സർക്കാരിന് സമർപ്പിക്കാനുള്ള അവസാന തീയതി 31-12-2013 വരെയായി നിജപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് 625 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	19
കൊല്ലം	-	41
പത്തനംതിട്ട	-	20
കോട്ടയം	-	12
എറണാകുളം	-	15
തൃശ്ശൂർ	-	47
പാലക്കാട്	-	57
മലപ്പുറം	-	121
കോഴിക്കോട്	-	63
കണ്ണൂർ	-	118
കാസർഗോഡ്	-	59
ഇടുക്കി	-	31
ആലപ്പുഴ	-	3
വയനാട്	-	19

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ.(കൈ)184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ നിശ്ചയിച്ച രേഖകൾ സമർപ്പിക്കാത്തവയുമായ അപേക്ഷകളാണ് ന്യൂനതകൾ പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മടക്കിയിട്ടുള്ളത്. യാതൊരു കാരണവുമില്ലാതെ അപേക്ഷകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് അംഗീകാരം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പാക്കാൻ നടപടി

26(4632) ശ്രീ. പാലോട് രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly